വെൽഡർ ട്രേഡിനാവശ്യമായ കെട്ടിടം പി.പി.പി. സ്കീം പ്രകാരം പണിതിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിനാവശ്യമായ ജനറേറ്റർ, ഇൻകം ജനറേഷൻ പദ്ധതി പ്രകാരം ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിലേക്കാവശ്യമായ വാഹനം എന്നിവ സംഭരിച്ചിട്ടുണ്ട്. വെഹിക്കിൾ പാർക്കിംഗ് ഷെഡ് പണിതിട്ടുണ്ട്. കൂടാതെ ഇലക്ട്രോണിക്സ് മെക്കാനിക്, COPA, മെക്കാനിക് ഡീസൽ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, പ്ലംബർ എന്നീ ട്രേഡുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് പി.പി.പി. സ്കീം പ്രകാരം ഉപകരണങ്ങൾ സംഭരിച്ചിട്ടുണ്ട്. ഫിറ്റർ ട്രേഡിനാവശ്യമായ കെട്ടിടം പി. പി. പി. സ്കീം പ്രകാരം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കരിമ്പുഴ സർക്കാർ ഐ.ടി.ഐ.

225 (2505) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കരിമ്പുഴ സർക്കാർ ഐ.റ്റി.ഐ പ്രവർത്തനം ആരംഭിച്ചത് എന്നാണ്;

(ബി) പ്രസ്തുത ഐ.റ്റി.ഐ-യിലെ കോഴ്സുകൾ ഏതെല്ലാം; ഓരോ കോഴ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്ര ;

(സി) ഐ.റ്റി.ഐ.- യിലെ ആകെ ജീവനക്കാർ എത്ര; നിലവിൽ ഏതെങ്കിലും തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 19-10-2015-ലാണ് കരിമ്പുഴ ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചത്.

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ നിലവിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ 2 ട്രേഡുകളിലാണ് പരിശീലനം നൽകുന്നത്. ടി ഐ.ടി.ഐ.-യിൽ ഡി/സിവിൽ ട്രേഡിൽ 20 കുട്ടികളും പ്ലംബർ ട്രേഡിൽ 21 കുട്ടികളും പഠിക്കുന്നുണ്ട്.

(സി) ടി ഐ.ടി.ഐ.-യ്ക്കായി ജീവനക്കാരുടെ തസ്തികകൾ ഒന്നും തന്നെ ഇതുവരെയും സൃഷ്ടിച്ചിട്ടില്ല. എന്നിരുന്നാലും ക്ലാസ്സുകൾക്ക് തടസ്സം വരാത്ത രീതിയിൽ മറ്റ് ഐ.ടി.ഐ.കളിൽ നിന്ന് ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly